**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **30-07-2021 - ൽ മറുപടിയ്ക്ക്**

**തൂണേരി-വേറ്റുമ്മൽ ടെയിലെൻഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള തൂണേരി-വേറ്റുമ്മൽ ടെയിലെൻഡ് പദ്ധതിയുടെ പ്രവർത്തനക്ഷമതയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ തൂണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്ത് നിന്നാണ് ടെയിലെന്റ് ഡിസ്ട്രിബ്യൂട്ടറി കനാൽ ആരംഭിക്കുന്നത്. പ്രസ്തുത കനാലിനുവേണ്ടി ചെയിനേജ് 4/250 കി.മീറ്റർ ദൂരം വരെ സ്ഥലം ഏറ്റെടുത്ത് ചെയിനേജ് 2/000 കി.മീറ്റർ വരെ കനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിങ്കൽ ഫ്ളൂം തകർന്നിട്ടുള്ളതിനാൽ അതിലൂടെ ജലവിതരണം സാധ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കനാൽ പല സ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനർനിർമ്മിക്കാൻ പദ്ധതി ഉണ്ടോ; | (ബി) | ഉണ്ട്. കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്ത്, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കനാൽ പുനർനിർമ്മിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി കായപ്പനച്ചി വരെ നീട്ടാൻ വേണ്ടി ഏറ്റെടുത്ത സ്ഥലം പലരും കൈയ്യേറിയതിനാൽ ആയത് തിരിച്ചുപിടിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്തശേഷം കൈയ്യേറ്റമുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത ഭാഗങ്ങൾ തിരിച്ചു പിടിക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പദ്ധതി പൂർത്തീകരണത്തിന് വേണ്ടി എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (ഡി) | പദ്ധതി പൂർത്തീകരണത്തിന് വേണ്ടി ബഹു. നാദാപുരം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് സ്ഥലം സന്ദർശിക്കുകയും കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്യുവാനും, കനാൽ പുനർ നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ